## ശ്രദ്ധക്ഷണിക്കൽ

## ഫാക്ട് നേരിടുന്ന പ്രതിസന്ധി

ശ്രീ. ബെന്നി ബെഹനാൻ: സർ, കേരളത്തിലെ ഏറ്റവും വലിയ പൊതു മേഖലാ സ്ഥാപനമായ ഫാക്ട് നേരിടുന്ന ഗുരുതരമായ പ്രതിസന്ധിയി ലേയ്ക്ക് സഭയുടെ ശ്രദ്ധ ക്ഷണിക്കുകയാണ്. ഫാക്ട് നമ്മുടെ ഏറ്റവും വലിയ പൊതുമേഖലാ സ്ഥാപനമാണ്. നേരത്തെ ഏകദേശം 9800 ജീവന ക്കാർ ഉണ്ടായിരുന്ന സ്ഥാപനമാണ്. എന്നാലിപ്പോൾ തൊഴിലാളികളും ജീവന ക്കാരുമുൾപ്പെടെ 2800 പേരാണുള്ളത്. അവിടെ രാസവളവും കാപ്രോലാ ക്റ്റവുമാണ് ഉൽപ്പാദിപ്പിക്കുന്നത്. ഇന്ത്യയിൽത്തന്നെ രണ്ട് കമ്പനികളിൽ മാത്രമാണ് കാപ്രോലാക്റ്റം ഉൽപ്പാദിപ്പിക്കുന്നത്. ഗുജറാത്തിലെ ഗുജറാത്ത് സ്റ്റേറ്റ് ഫെർട്ടിലൈസർ കോർപ്പറേഷനും ഫാക്ടുമാണ് ആ കമ്പനികൾ. പക്ഷെ ലാഭകരമായി പ്രവർത്തിക്കാൻ കഴിയാത്തതിനാൽ ഫാക്ടിലെ കാപ്രോലാക്റ്റം പ്ലാന്റ് കഴിഞ്ഞ 16 മാസക്കാലമായി അടഞ്ഞുകിടക്കുകയാണ്. അതിന് പല കാരണങ്ങളുമുണ്ട്. ഫാക്ടിന് പ്രവർത്തന മൂലധനമില്ല, നെറ്റ് വർത്ത് ഇറോഷൻ സംഭവിച്ചുകൊണ്ടിരിക്കുന്നു. ഉത്തരേന്ത്യൻ രാസവള നിർമ്മാണ ശാലകൾ കുറഞ്ഞ ചെലവിലുള്ള പ്രകൃതിവാതകം ഉപയോഗിക്കു മ്പോൾ ഫാക്ട് അഞ്ചും ആറും മടങ്ങ് വിലയുള്ള നാഫ്ത ഉപയോഗിച്ചു. അതുകൊണ്ട് ഉൽപ്പാദനച്ചെലവ് കൂടുന്നു. അതുപോലെ ഉൽപ്പാദനച്ചെലവ് പരിഗണിക്കാതെ കേന്ദ്രസർക്കാർ നിശ്ചയിക്കുന്ന എം.ആർ.പി. ഉള്ള ഒരേയൊരു ഉൽപ്പന്നം രാസവളങ്ങളാണ്. പലപ്പോഴും ഫാക്ടിന്റെ ഉൽപ്പാദന ച്ചെലവിന്റെ 50 ശതമാനത്തിൽ താഴെ മാത്രമാണ് എം.ആർ.പി. വരാറുള്ളത്. മറ്റൊന്ന് സബ്സിഡി നയത്തിന്റെ കാര്യമാണ്. ഉൽപ്പാദനച്ചെലവ് പരിഗണി

ക്കാതെ കൂടുതൽ ഉൽപ്പാദനച്ചെലവ് ഉള്ളവർക്കും ഇല്ലാത്തവർക്കും ഒരേ നിരക്കിലാണ് സബ്സിഡി നൽകുന്നത്. അത് ലഭിക്കുന്നത് എട്ടോ പത്തോ മാസം കഴിഞ്ഞിട്ടാണ്. ഫാക്ടിന്റെ ഒരു പ്രത്യേകത ഉൽപ്പാദനം 11 മാസവും നടക്കുമ്പോൾ രണ്ട് മഴ സീസണും കഴിഞ്ഞ് 4 മാസം മാത്രമേ അവിടെ വിൽപ്പന നടക്കുന്നുള്ളൂ എന്നതാണ്. അതുകൊണ്ട് പ്രവർത്തന മൂലധനം കൂടുതൽ വേണ്ടിവരുന്നു. ഒരു കിലോ രാസവളം ഉൽപ്പാദിപ്പിക്കുമ്പോൾ ചെലവ് 31.50 രൂപയും വിൽപ്പന, സബ്സിഡി, നാഫ്തയുടെ കോമ്പൻസേഷൻ എന്നിവയുൾപ്പെടെയുള്ള വരവ് 27 രൂപ 25 പൈസയുമാണ്. ഈ സാഹചര്യത്തിലാണ് എൽ.എൻ.ജി. ഉപയോഗിച്ചാൽ ലാഭം വരുമെന്നുകരുതി നാഫ്ത മാറ്റി എൽ.എൻ.ജി.-യിലേയ്ക്ക് കൺവെർട്ട് ചെയ്തത്. എന്നാൽ ഇന്ന് എൽ.എൻ.ജി.-ക്ക് ഉണ്ടായിരിക്കുന്ന അമിതമായ വില വർദ്ധനവുമൂലം ഫാക്ടിന് പ്രവർത്തിക്കാൻ കഴിയാത്ത സാഹചര്യമാണുള്ളത്. എൽ.എൻ.ജി.-യ്ക്ക് ദേശീയതലത്തിൽ ഒരു യൂണിറ്റിന് (എം.എം.ബി.റ്റി.യു. -മില്യൻ മെട്രിക് ബ്രിട്ടീഷ് തെർമൽ യൂണിറ്റ് എന്നാണ് പറയുന്നത്) 4.2 ഡോളറാണ് വില. അടുത്ത ഏപ്രിൽ മുതൽ 8.4 ഡോളറാക്കാൻ തീരുമാനിച്ചിട്ടുണ്ട്. എന്നാലിപ്പോൾ പെട്രോനെറ്റ് ഫാക്ടിന് കൊടുക്കുന്ന എൽ.എൻ.ജി.-ക്ക് 24.3 ഡോളർ വിലയുണ്ട്. ദീർഘകാലം പെട്രോനെറ്റിൽനിന്നും എൽ.എൻ.ജി വാങ്ങിയാൽ പതിനാലര ഡോളറിന് നൽകാമെന്നായിരുന്നു ധാരണ. പക്ഷെ എൽ.എൻ.ജി. ഇപ്പോൾ 24.5 ഡോളറിന് കിട്ടുന്നതുകൊണ്ട് ഫാക്ടിന് പ്രവർത്തിച്ച് മുന്നോട്ടുപോകാൻ കഴിഞ്ഞിട്ടുണ്ട്. സ്റ്റേറ്റ് വാറ്റ് 14 ശതമാനവും കസ്റ്റംസ് ഡ്യൂട്ടി 5.5 ശതമാനവും ഈടാക്കുന്നതുകൊണ്ടാണ് 24 ഡോളറാ

കുന്നത്. മറ്റൊരു കാര്യം, നാഫ്ത ഉപയോഗിച്ച് പ്രവർത്തിച്ചുകൊണ്ടിരുന്ന ഫാക്ട് എൽ.എൻ.ജി. ഉപയോഗിച്ച് അതിന്റെ പ്രവർത്തനം മുന്നോട്ടുകൊണ്ടുപോകുന്നതിനുവേണ്ടി പ്ലാന്റ് കൺവേർഷൻ വരുത്തി. 3 പ്ലാന്റുകൾ കൺവേർഷൻ വരുത്തുന്നതിന് 90 കോടി രൂപ ചെലവഴിച്ചു. പ്ലാന്റ് കൺവേർഷൻ വരുത്തിയതിനാൽ എൽ.എൻ.ജി. ഇല്ലാതെ പ്രവർത്തിക്കാൻ കഴിയാത്ത സാഹചര്യത്തിലേയ്ക്ക് മാറിയിരിക്കുകയാണ്. ഇതിന് ചില പരിഹാര മാർഗ്ഗങ്ങളുണ്ട്. വാറ്റ് കുറയ്ക്കണം, എക്സൈസ് ഡ്യൂട്ടിക്ക് ഇളവ് വരുത്തണം. പണ്ട് നാഫ്തക്ക് കോമ്പൻസേഷൻ കൊടുത്തിരുന്നു. ഇന്ന് എൽ.എൻ.ജി.-യിലേയ്ക്ക് മാറ്റിയപ്പോൾ പണ്ട് നാഫ്തയ്ക്ക് നാഫ്താ കോമ്പൻസേഷൻ കൊടുത്തതുപോലെ എൽ.എൻ.ജി.ക്ക് എൽ.എൻ.ജി. കോമ്പൻസേഷൻ കൊടുക്കാൻ തയ്യാറാകണം. ഇതിനുവേണ്ടി കഴിഞ്ഞ നവംബർ 27-ാം തീയതി ബഹുമാനപ്പെട്ട മുഖ്യമന്ത്രിയുടെ സാന്നിദ്ധ്യത്തിൽ ധനകാര്യ വകുപ്പുമന്ത്രിയും വ്യവസായ വകുപ്പുമന്ത്രിയും ഉൾപ്പെടെയുള്ളവർ ഒരു യോഗം നടത്തിയിരുന്നു. അവിടെവച്ച് വാറ്റ് കുറയ്ക്കാനും ഒരുവർഷത്തേയ്ക്ക് വാറ്റ് ഡെഫർ ചെയ്യാനും നാഫ്താ കോമ്പൻസേഷൻ നൽകുന്ന കാര്യത്തെക്കുറിച്ചും ആലോചിക്കാമെന്ന് പറഞ്ഞിരുന്നു. പക്ഷെ ഇതുവരേയും ഇക്കാര്യങ്ങൾ നടപ്പാക്കിയിട്ടില്ല. നമുക്കിന്ന് പ്രകൃതിദത്തമായി എൽ.എൻ.ജി. ലഭിക്കുന്നുണ്ട്. സംസ്ഥാന ഗവൺമെന്റ് കേന്ദ്ര ഗവൺമെന്റിന്റെ ശ്രദ്ധയിൽപ്പെടുത്തേണ്ട ചില കാര്യങ്ങളുണ്ട്. ഇന്ത്യയിൽ ബോംബെ, ഗുജറാത്ത്, ആസാം, കൃഷ്ണ, ഗോദാവരി എന്നിവിടങ്ങളിൽ പ്രകൃതിദത്ത വാതകം ലഭിക്കുന്നുണ്ട്. ഈ പ്രകൃതിദത്ത വാതകം ദേശീയ സമ്പത്താണ്. ഇങ്ങനെ നമ്മുടെ ദേശീയ സമ്പത്തായി മാറിയിട്ടുള്ള ഈ

പ്രകൃതിദത്ത വാതകത്തിന്റെ ഒരോഹരി സ്വാഭാവികമായും കേരളത്തിന് കിട്ടണം. അത് ഫാക്ടിന് ലഭിക്കണം എന്ന ആവശ്യം കേന്ദ്ര ഗവൺമെന്റി നുമുമ്പിൽ സംസ്ഥാന ഗവൺമെന്റ് ഉന്നയിക്കണം. അതുപോലെതന്നെ ഇന്ന് എൽ.എൻ.ജി. ഇറക്കുമതി ചെയ്യുന്നു. എൽ.എൻ.ജി.യുടെ സ്പോട്ട് പർച്ചേസ് വില 11.4 ഡോളറാണ്. പക്ഷെ വാറ്റുൾപ്പെടെയുള്ള ഡ്യൂട്ടികൾ വരുമ്പോഴാണ് ഇതിന്റെ വില വർദ്ധിക്കുന്നത്. 11.4 ഡോളറിന് ഇറക്കുമതി ചെയ്യുന്ന എൽ.എൻ.ജി.യുടെ വില ഏകീകരിച്ച് കുറഞ്ഞവിലയ്ക്ക് ഫാക്ടിന് കിട്ടുന്നതിനുവേണ്ടി കേന്ദ്ര ഗവൺമെന്റിൽ സമ്മർദ്ദം ചെലുത്തണം. ഇന്ന് പെട്രോനെറ്റിന്റെ കാര്യവും പ്രയാസത്തിലാണ്. 4800 കോടിരൂപ മുടക്കി നമ്മൾ ഏറെ കൊട്ടിഘോഷിച്ച് കേരളത്തിൽ തുടങ്ങിയിരിക്കുന്ന പെട്രോനെ റ്റിന്റെ കേവലം 8 ശതമാനം കപ്പാസിറ്റി യൂട്ടിലൈസേഷൻ മാത്രമെ ഇപ്പോൾ നടക്കുന്നുള്ളൂ, ആ കപ്പാസിറ്റി യൂട്ടിലൈസേഷനിൽ നമ്മുടെ ഫാക്ടും ബി. പി.സി.എൽ.- ഉമാണ് ഉൾപ്പെടുന്നത്. അതുപോലെ ഇന്നലെ ഇവിടെ ബഹു മാനപ്പെട്ട എ. പി. അബ്ദുള്ളക്കുട്ടി അവതരിപ്പിച്ച ശ്രദ്ധക്ഷണിക്കലുണ്ട്. എൽ.എൻ.ജി.യുടെ പൈപ്പ്ലൈൻ സംസ്ഥാന വ്യാപകമാക്കണം, അത് കോയമ്പത്തൂർവരെയും മംഗലാപുരം വരെയും നീട്ടണമെന്നതായിരുന്നു അദ്ദേഹം ശ്രദ്ധക്ഷണിക്കലിലൂടെ ആവശ്യപ്പെട്ടത്. അങ്ങനെ നീട്ടിയാൽ മാത്രമെ പെട്രോനെറ്റിന്റെ യൂട്ടിലൈസേഷൻ നടക്കുകയുള്ളൂ. പക്ഷെ ഇന്ന് 4800 കോടി രൂപ മുടക്കി നിർമ്മിച്ചിരിക്കുന്ന പെട്രോനെറ്റിന്റെ 8 ശതമാനം മാത്രം യൂട്ടിലൈസേഷൻ നടക്കുമ്പോൾ അതിൽ മഹാഭൂരിപക്ഷം കപ്പാസി റ്റിയും യൂട്ടിലൈസ് ചെയ്യുന്ന ഫാക്ടിന് ഞാൻ നേരത്തെ സൂചിപ്പിച്ചതു പോലെ നാഫ്താ കോമ്പൻസേഷൻപോലെ ഒരു കോമ്പൻസേഷൻ കൊടു

ത്താൽ മാത്രമെ പിടിച്ചുനിർത്താൻ കഴിയുകയുള്ളൂ. ഫാക്ട് ലാഭകരമായി മാറ്റണമെങ്കിൽ, ഫാക്ടിൽ യൂറിയ പ്ലാന്റുണ്ട്. കൊച്ചിൻ ഡിവിഷനിൽ കഴിഞ്ഞ കുറെ നാളുകളായി യൂറിയ പ്ലാന്റ് അടച്ചിട്ടിരിക്കുകയാണ്.

യൂറിയയുടെ ഉൽപ്പാദനം വന്നാൽ............... എല്ലാ കാലഘട്ടത്തിലും ഫാക്ടിന്റെ ചരിത്രം അറിയാവുന്ന ആളാണ് ബഹുമാനപ്പെട്ട വ്യവസായ വകുപ്പുമന്ത്രി. യൂറിയയുടെ ഉൽപ്പാദനമാണ് ഫാക്ടിനെ പലപ്പോഴും ലാഭത്തി ലേയ്ക്ക് നയിച്ചിട്ടുള്ളത്. ഇന്ന് യൂറിയയുടെ ഉൽപ്പാദനം നിറുത്തി വയ്ക്കേണ്ട സ്ഥിതി ഉണ്ടായി. ഫാക്ടിനെ രക്ഷിക്കുന്നതിന് വേണ്ടി സംസ്ഥാന ഗവൺമെന്റ് കേന്ദ്ര ഗവൺമെന്റിന് കൊടുത്ത 991 കോടി രൂപയുടെ ഒരു ഫിനാൻഷ്യൽ പാക്കേജ് ഉണ്ട്. ഇതിന്റെ പ്രോസസ്സിംഗ് കേന്ദ്രത്തിൽ നടന്നു കൊണ്ടിരിക്കുകയാണ്. 991 കോടി രൂപയിൽ 300 കോടി രൂപയുടെ ഇക്യൂറ്റി ഷെയറും 250 കോടി രൂപയുടെ ഗ്രാന്റും 441 കോടി രൂപ സോഫ്റ്റ് ലോണുമാണ്. ഈ പാക്കേജ് കേന്ദ്ര ഗവൺമെന്റിന്റെ പരിഗണനയിലാണ്. ഇത് എത്രയും വേഗം അനുവദിച്ചു കിട്ടിയാൽ താൽക്കാലികമായി ഫാക്ടിന് പിടിച്ചു നിൽക്കാൻ സാധിക്കുന്നതാണ്. എന്നാൽ അത് താൽക്കാലികം മാത്ര മാണ്. ഇന്നത്തെ നിലയിൽ എൽ.എൻ.ജി. ഉപയോഗിച്ച് കാപ്രോലാക്റ്റം പ്ലാന്റ് പ്രവർത്തിപ്പിക്കുന്നതിനുവേണ്ടിയുള്ള പ്ലാന്റ് കൺവേർഷൻ നടത്തുന്ന തിന് 90 കോടി രൂപ ഇതിനായി മാറ്റിവച്ചിരിക്കുന്ന സാഹചര്യത്തിൽ, ഇനി ഫാക്ട് എന്ന സ്ഥാപനം രക്ഷപ്പെടണമെങ്കിൽ നേരത്തെ നമ്മൾ പ്രതീക്ഷ തച്ചുപോലെ എൽ.എൻ.ജി. കുറഞ്ഞ വിലയ്ക്ക് ലഭിക്കണം. കുറഞ്ഞ വില കിട്ടണമെങ്കിൽ വാറ്റ് കുറയ്ക്കുന്നതിനും അതല്ലെങ്കിൽ താൽക്കാലികമായി

ഡെഫർ ചെയ്യുന്നതിനും സമ്മർദ്ദം ചെലുത്തി കേരളത്തിലെ ഏറ്റവും വലിയ പൊതുമേഖലാ സ്ഥാപനമായ ഫാക്ടിനെ രക്ഷിക്കുന്നതിന് വേണ്ടിയുള്ള നടപടി സ്വീകരിക്കാൻ അടിയന്തരമായി ഗവൺമെന്റ് ശ്രദ്ധിക്കണമെന്ന് ഞാൻ ആവശ്യപ്പെടുകയാണ്.

വ്യവസായവും വിവരസാങ്കേതികവും വകുപ്പുമന്ത്രി (ശ്രീ. പി. കെ. കുഞ്ഞാലിക്കുട്ടി): സർ, ബഹുമാനപ്പെട്ട മെമ്പർ ഇവിടെ അവതരിപ്പിച്ച കാര്യങ്ങൾ വളരെ ശരിയാണ്. കേരളത്തെ സംബന്ധിച്ചിടത്തോളം വളരെ വൈകാരിക ബന്ധമുള്ള, കേരളത്തിൽ വ്യവസായങ്ങളുടെ മുഴുവൻ ഒരു ലീഡറായ ഫാക്ട്, കാർഷിക മേഖലയ്ക്ക് കൂടി വലിയ സപ്പോർട്ട് കൊടുത്ത സ്ഥാപനമാണ്. അതുകൊണ്ട് തന്നെ അതിന്റെ പ്രതാപകാലം വലിയ നില യിൽ നന്നായി പ്രവർത്തിച്ചിരുന്നു. ഇപ്പോൾ ഫാക്ട് എന്ന സ്ഥാപനം ഇങ്ങനെ മുടന്തി നടക്കുന്നത് എല്ലാവർക്കും വലിയ മാനസിക പ്രയാസമുണ്ടാ ക്കുന്നതാണ് എന്നതിൽ യാതൊരു സംശയവുമില്ല. ഇതിൽ വന്നിരിക്കുന്ന പ്രശ്നങ്ങളെ സംബന്ധിച്ച് വളരെ വിശദമായി ഇടയ്ക്കിടയ്ക്ക് ചർച്ച ചെയ്യു ന്നുണ്ട്. ഈ വിഷയം വളരെ ഗൗരവത്തിൽ തന്നെ കൈകാര്യം ചെയ്യുന്നുണ്ട്. ബഹുമാന്യനായ മുഖ്യമന്ത്രി വിളിച്ചുകൂട്ടിയ യോഗത്തിൽ ഈ പ്രശ്നങ്ങൾ മുഴുവൻ വിശദമായി ചർച്ച ചെയ്തതാണ്. നാഫ്താ കോമ്പൻസേഷനുമായി ബന്ധപ്പെട്ട് മെമ്പർ സൂചിപ്പിച്ച കാര്യത്തിനോട് ഞാൻ യോജിക്കുന്നു. ഹൈകോസ്റ്റ് എൽ.എൻ.ജി. ഉപയോഗിക്കുന്നതുകൊണ്ടുള്ള പ്രശ്നങ്ങളെ സംബന്ധിച്ച വളരെ വിശദമായി ചർച്ച ചെയ്യുകയും ഒരു പാക്കേജ് ഇതിനു വേണ്ടി തയ്യാറാക്കുകയും ചെയ്തിട്ടുണ്ട്. അതിൽ കേന്ദ്ര ഗവൺമെന്റും സംസ്ഥാന ഗവണമെന്റും ചെയ്യേണ്ട കുറേ കാര്യങ്ങളുണ്ട്. ഇതിന്റെ ഏറ്റവും

പ്രധാനപ്പെട്ട പ്രശ്നമെന്ന് പറയുന്നത്, ഇതിനായി ബഡ്ജറ്റിൽ തുക അനുവദിക്കുന്ന കാര്യം കേന്ദ്ര ഗവൺമെന്റ് ആലോചിക്കുന്നുണ്ട്. അത് ലഭിക്കുമെന്നാണ് സംസ്ഥാന ഗവൺമെന്റ് പ്രതീക്ഷിക്കുന്നത്. 991 കോടി രൂപ ഇതിനുവേണ്ടി നീക്കിവച്ചാൽ മെമ്പർ പറഞ്ഞ വിവിധ പ്രശ്നങ്ങൾ ഓവർകം ചെയ്യാൻ ഫാക്ട് എന്ന സ്ഥാപനത്തിന് സാധിക്കും. അതാണ് ഒരു അടിയന്തര പരിഹാരം. അതിനുവേണ്ടി പല പ്രാവശ്യം മുഖ്യമന്ത്രി നിവേദനം സമർപ്പിക്കുകയും കേന്ദ്ര മന്ത്രിയായ ശ്രീ. കെ. വി. തോമസ്, എം.പി.മാർ എല്ലാവരും കേന്ദ്രത്തിൽ സമ്മർദ്ദങ്ങളും ശ്രമങ്ങളും നടത്തി വരികയും ചെയ്യുന്നുണ്ട്. അതുകൊണ്ട് ചില തീരുമാനങ്ങളുണ്ടാകുമെന്നുള്ള പ്രതീക്ഷയുമുണ്ട്. ചില തീരുമാനങ്ങളൊക്കെ നേരത്തേതന്നെ ഉണ്ടായിട്ടുമുണ്ട്. ഇവിടെ ചേർന്ന യോഗത്തിൽ വാറ്റ് എക്സംപ്റ്റ് ചെയ്യണമെന്ന അഭിപ്രായങ്ങുളുമുണ്ടായി. 14.5 ശതമാനം വാറ്റ്. കൂടുതലാണ്. എന്നാൽ മീറ്റിംഗിലുണ്ടായ തീരുമാനമനുസരിച്ച് വാറ്റ് കുറയ്ക്കണമെന്നുള്ള അഭിപ്രായമാണുള്ളത്. അല്ലാതെ ഫാക്ടിന് മുന്നോട്ടുപോകാൻ സാധിക്കില്ല. അതുപോലെയുള്ള അടിയന്തര പ്രശ്നങ്ങളിൽ തീരുമാനമെടുക്കേണ്ടതുണ്ട്. പൊതുവായ പ്രശ്നം ഇന്ധന വില വർദ്ധനവ് തന്നെയാണ്. പെട്രോനെറ്റിന്റെ പ്രോഡക്ട് ഇവിടെ കൊണ്ടുവരുന്നത് വലിയ ചെലവേറിയ കാര്യമാണ്. അതിന്റെ വലിയ കപ്പാസിറ്റിയുള്ള ഒരു പ്രോജക്ട് നമ്മൾ അവിടെ തുടങ്ങി എന്നാൽ അതിന്റെ ക്വാണ്ടിറ്റി കൂടുതൽ കൊടുത്താൽമാത്രമേ കുറച്ച് വിലക്ക് ഇത് കൊടുക്കാൻ കഴിയുകയുള്ളു. അതിന് പൈപ്പ്ലൈൻ ഇടണം, എല്ലാവരും ഉപയോഗിക്കൽ തുടങ്ങണം. നമ്മുടെ പൈപ്പ്ലൈൻ പോകേണ്ടത് സ്വകാര്യ സ്ഥലങ്ങളിലൂടെയാണ്. അതിന് ഇപ്പോഴും നമുക്ക് സാധിക്കുന്നില്ല. പൈപ്പ്ലൈൻ ഇട്ട് ഗ്യാസ്

കൊണ്ടുപോയാൽ മാത്രമേ കൂടുതൽ ഉൽപ്പാദനം നടക്കുകയും അതുകൊണ്ട് വില കുറയുകയും ചെയ്യൂ. വില കുറഞ്ഞാൽ അതിന്റെ ഡയറക്ട് ബെനിഫിറ്റ് കിട്ടുന്നത് ഫാക്ട് എന്ന സ്ഥാപനത്തിനാണ്. എന്തായാലും ഒരുമിച്ചുള്ള ഒരു ശ്രമമാണ് നമുക്ക് ആവശ്യം. വാറ്റ് കുറയ്ക്കുന്നതുസംബന്ധിച്ച് മീറ്റിംഗിൽ വളരെ ശക്തമായ അഭിപ്രായം വന്നു. അക്കാര്യത്തിൽ ധനകാര്യ വകുപ്പുമന്ത്രിയും മുഖ്യമന്ത്രിയും ഒരു അന്തിമ തീരുമാനം എടുക്കണം. ഫിനാൻഷ്യൽ പാക്കേജ് നടപ്പിലാക്കാൻ വേണ്ടി ഗവൺമെന്റ് ശ്രമം തുടരും. ആ കാര്യത്തിൽ യാതൊരു സംശയവുമില്ല. ബഹുമാനപ്പെട്ട മെമ്പർ പറഞ്ഞ ഓരോ കാര്യങ്ങൾക്കും വേണ്ടി ഗവൺമെന്റ് ഉറച്ച നിലപാട് എടുക്കുമെന്ന് ഞാൻ സഭയ്ക്ക് ഉറപ്പ് നൽകുകയാണ്.

ശ്രീ. ബെന്നി ബെഹനാൻ: സർ, ഇവിടെ പാചകവാതക പ്രതിസന്ധി ഉണ്ടായപ്പോൾ 41 രൂപയുടെ വാറ്റ് കുറച്ചുകൊണ്ട് സംസ്ഥാന ഗവൺമെന്റ് മാതൃക കാട്ടി. ബഹുമാനപ്പെട്ട വ്യവസായ വകുപ്പുമന്ത്രി സൂചിപ്പിച്ചതു പോലെ, വ്യവസായ വകുപ്പിന്റെ ലീഡർ എന്ന് അറിയപ്പെടുന്ന പൊതുമേഖലാ സ്ഥാപനമായ ഫാക്ടിനെ രക്ഷിക്കുന്നതിനുവേണ്ടി നവംബർ മാസം വിളിച്ചു കൂട്ടിയ യോഗത്തിൽ വാറ്റിന്റെ കാര്യം തൽക്കാലം ഡെഫർ ചെയ്തെങ്കിലും ഈ പ്രതിസന്ധിയൽ നിന്ന് ഫാക്ട് എന്ന സ്ഥാപനത്തെ കരകയറ്റുക എന്നതാണ് ഏറ്റവും നല്ല മാർഗ്ഗം. ആ വാറ്റിനെ തൽക്കാലം ഡെഫർ ചെയ്യാനുള്ള ഒരു തീരുമാനമെടുക്കാൻ ഗവൺമെന്റ് തയ്യാറാകുമോ?

ശ്രീ. പി. കെ. കുഞ്ഞാലിക്കുട്ടി: സർ, ഇന്നത്തെ ശ്രദ്ധക്ഷണിക്കലിന്റെ പശ്ചാത്തലത്തിൽ ബഹുമാനപ്പെട്ട മെമ്പറും ഞാനും മുഖ്യമന്ത്രിയുമായി ഈ

വിഷയം ചർച്ച ചെയ്തു. ധനകാര്യ വകുപ്പുമന്ത്രി സഭയിൽ വന്നിട്ടില്ല. ഇതു സംബന്ധിച്ച് ഇന്നുതന്നെ ഒരു ചർച്ച നടത്തി ഒരു തീരുമാനമെടുക്കുന്നതാണ്.

കോളേജുകൾക്കുള്ള സ്വയംഭരണാവകാശം

ശ്രീ. റ്റി. വി. രാജേഷ്: സർ, രണ്ട് സർക്കാർ കോളേജുകളടക്കം 13 കോളേജുകൾക്ക് സ്വയംഭരണാവകാശം നൽകാൻ സർക്കാർ യു.ജി.സി.–ക്ക് ശുപാർശ ചെയ്തതിനെ തുടർന്ന്, കേരളത്തിലെ ഉന്നത വിദ്യാഭ്യാസ രംഗത്തുണ്ടായ കടുത്ത ആശങ്ക സഭയുടെ ശ്രദ്ധയിൽ കൊണ്ടുവരാൻ വേണ്ടിയാണ് ഞാൻ ഈ ശ്രദ്ധക്ഷണിക്കൽ അവതരിപ്പിക്കുന്നത്. ഇത് ഗുണ നിലവാരം വർദ്ധിപ്പിക്കാനുള്ള പേരിൽ കൊണ്ടുവന്ന ഈ പരിഷ്കാരം ഉന്നത വിദ്യാഭ്യാസ രംഗത്ത് കടുത്ത ആശങ്ക സൃഷ്ടിച്ചിരിക്കുകയാണ്. വിദ്യാർത്ഥി പ്രവേശനം, കോഴ്സിന്റെ വിലയിരുത്തൽ, വിലയിരുത്തൽ പരീക്ഷ തുടങ്ങിയ കാര്യങ്ങളിൽ ഇതുവരെയും ചെയ്തുവരുന്ന സർവ്വകലാശാലകളെ ആ പണി യിൽ നിന്നും ഒഴിവാക്കി ഈ ജോലികൾ മുഴുവൻ കോളേജുകൾക്ക് ഏൽപ്പിച്ചു കൊടുക്കുകയാണ്. കോളേജുകളിൽ ശുപാർശ ചെയ്യുന്ന വിദ്യാർത്ഥികൾക്ക് ബിരുദ സർട്ടിഫിക്കറ്റ് നൽകുക എന്ന ലഘുവായ ഉത്തരവാദിത്തം മാത്രമേ ഇനി സർവ്വകലാശാലകൾക്ക് ഉണ്ടാകു. വലിയ ആവശ്യക്കാരില്ലാതിരുന്നിട്ടും ബി.എ. കോഴ്സുകൾക്ക് പോലും പതിനായിര ങ്ങൾ നടയടിയായി വാങ്ങുന്ന എയ്ഡഡ് കോളേജുകളുള്ള നമ്മുടെ കേരള ത്തിൽ ഇത്തരം കോളേജുകൾക്ക് ഇഷ്ടമുള്ള കോഴ്സുകളും ഇഷ്ടമുള്ള സിലിബസുകളും ഉണ്ടാക്കാനുള്ള സ്വാതന്ത്ര്യംകൂടി കൈവന്നാൽ എന്തായിരിക്കും സ്ഥിതി? ഏറ്റവും കൂടുതൽ ഫീസ് ചുമത്തി, കൂടുതൽ

ലാഭമുണ്ടാക്കാവുന്ന കോഴ്സുകൾ തെരഞ്ഞെടുക്കാനുള്ള സ്വാതന്ത്ര്യമായി ആട്ടോണമി അധഃപതിക്കും. എയ്ഡഡ് മേഖലയിൽ പ്രവർത്തിക്കുന്ന കോളേജുകൾ സെൽഫ് ഫിനാൻസിംഗ് കോളേജുകളായി കാലക്രമേണ മാറപ്പെടും. മലയാളം ഭാഷ ഉൾപ്പെടെ ലാഭമില്ലാത്ത മാനവിക വിഷയങ്ങൾ, ഭാഷാപഠന കോഴ്സുകൾ, ഇത്തരം കോളേജുകളിൽ പടിക്ക് പുറത്താകും. പരീക്ഷാനടത്തിപ്പിന്റെ പേരിൽ എന്തൊക്കെ അധാർമികമായ പ്രവൃത്തികളായിരിക്കും ഇത്തരം കോളേജുകളിൽ അരങ്ങേറാൻ പോകുന്നത്? ചില അൺ എയ്ഡഡ് പ്രൊഫഷണൽ കോളേജുകളിൽ പരീക്ഷയിൽ കോപ്പിയടിക്കാനുള്ള സൗകര്യം മാനേജുമെന്റ് തന്നെ ചെയ്തു  കൊടുത്തതിന്റെ പേരിലാണ് സർവ്വകലാശാല ശിക്ഷാനടപടി സ്വീകരിച്ചത്.  പുഷ്പഗിരി കോളേജിനെതിരെ, എം.ജി. സർവ്വകലാശാല ശിക്ഷാനടപടികൾ സ്വീകരിച്ച കാര്യം അങ്ങ് മറന്നുപോയോ? കൂടുതൽ മാർക്കും, റാങ്കും വാഗ്ദാനം നൽകി ഒരു വിദ്യാർത്ഥിനിയെ ഗവൺമെന്റ് ലോ കോളേജ് അദ്ധ്യാപകന് ലൈംഗികമായി ചൂഷണം ചെയ്യാൻ കഴിയുമെങ്കിൽ സ്വയംഭരണ കോളേജുകളിൽ എന്തെല്ലാം അധാർമികതകളാണ് നടക്കുന്നത്? പൊതു വിദ്യാഭ്യാസ വകുപ്പും, സർവ്വകലാശാലകളും തയ്യാറാക്കുന്ന ശാസ്ത്ര മതേതര കാഴ്ച്ചപ്പാടുകളോടുകൂടി നടപ്പിലാക്കുന്ന സിലബസിൽപോലും വർഗ്ഗീയതാൽപ്പര്യങ്ങൾ നടപ്പിലാക്കാൻ ശ്രമിക്കുന്നവർ, ഇവർ രൂപകൽപ്പന ചെയ്യുന്ന കോഴ്സുകളിലും പാഠ്യപദ്ധതികളിലും എന്തുമാത്രം സ്വാധീനം ചെലുത്തുമെന്നുള്ളത് കാത്തിരുന്ന് കാണേണ്ടതാണ്. സങ്കുചിത വാദികളും അൽപ്പജ്ഞാനികളുമായ അദ്ധ്യാപകരാണ് സിലബസ് ഉണ്ടാക്കുന്നതെങ്കിൽ എന്തായിരിക്കും അതിന്റെ നിലവാരം? അന്ധവിശ്വാസങ്ങളും പ്രതിലോമ ചിന്തകളും പാഠ്യവിഷയങ്ങളായി വരില്ലായെന്നതിന് എന്ത് ഗ്യാരന്റിയാണ് ഉള്ളത്?

സർക്കാരിന്റെ ചട്ടവട്ടങ്ങൾക്കുള്ളിൽ തയ്യാറാക്കപ്പെടുന്ന സിലബസ് പോലും മത സാമുദായിക ശക്തികൾ ഇടപെട്ട് തങ്ങൾക്ക് ഹിതകരമല്ലെന്നു കണ്ട് മാറ്റിമറിക്കുന്ന അനുഭവമുള്ള കേരളത്തിൽ അവരുടെ മാത്രം നിയന്ത്ര ണമുള്ള കോളേജുകളിൽ എന്തൊക്കെ ചെയ്യും? ഇതൊക്കെ ചോദ്യം ചെയ്യാൻ ചങ്കൂറ്റമുള്ള എത്ര അദ്ധ്യാപകർ ഇത്തരം ആട്ടോണമസ് കോളേജുക ളിലുണ്ടാകും. തൊടുപുഴയിലെ അദ്ധ്യാപകന്റെ അനുഭവം നമുക്കറിയാവുന്ന താണ്. ഇന്ത്യയിൽ യു.ജി.സി യുടെ കണക്കുപ്രകാരം 19 സംസ്ഥാനങ്ങളി ലായി 79 യൂണിവേഴ്സിറ്റികളിൽ 443 സ്വയംഭരണ കോളേജുകളാണുള്ളത്. ഇന്ത്യയിലാകെ വിവിധ സർവകലാശാലകളിലായി അഫിലിയേറ്റ് ചെയ്ത കോളേജുകളുടെ എണ്ണം 34000 ആണ്. യഥാർത്ഥത്തിൽ അഖിലേന്ത്യാടി സ്ഥാനത്തിലുള്ള കോളേജുകളുടെ ഒരു ശതമാനത്തിൽമാത്രമാണ് ആട്ടോ ണമി നൽകിയിട്ടുള്ളത്. ഇന്ത്യയിലെ പ്രശസ്തമായ പല കോളേജുകളും, നിര വധി പ്രഗൽഭൻമാരെ വാർത്തെടുത്ത ഡൽഹിയിലെ സെന്റ് സ്റ്റീഫൻ കോളേ ജ്, ഡൽഹിയിലെ പ്രശസ്തമായ വിവേകാനന്ദാ കോളേജ്, ലേഡീസ് ശ്രീറാം കോളേജ്, കെ.എൻ. പണിക്കർ ദീർഘകാലം അദ്ധ്യാപകനായിരുന്ന മിരാൻഡാ കോളേജ്, ഡോ. മൻമോഹൻ സിംഗിന്റെ മകൾ ചരിത്രാദ്ധ്യാപിക യായിരുന്ന സെന്റ് സ്റ്റീഫൻ കോളേജ് എന്നിവയ്ക്കൊന്നും ആട്ടോണമിയില്ല. ആട്ടോണമിയെക്കുറിച്ച് വാചാലരാകുന്ന ആളുകൾ ഇതിന് പിൻബലമായെടു ക്കുന്നത് മദ്രാസ് ക്രിസ്ത്യൻ കോളേജാണ്. അവിടെയുണ്ടായ അനുഭവം ഗവൺമെന്റ് പരിശോധിക്കാൻ തയ്യാറാകണം. അവിടെ രാവിലെ

റഗുലർകോഴ്സുകളും ഉച്ചയ്ക്കുശേഷം സ്വാശ്രയ കോഴ്സുകളും നടത്തുന്നു. അവിടെ ഏറ്റവും കൂടുതൽ പണം ചെലവാക്കുന്നത് സ്വകാര്യ സെക്യൂരിറ്റി കൾക്കുവേണ്ടിയാണെന്ന് പ്രമുഖ ഇക്കണോമിസ്റ്റും ആ കോളേജിലെ അദ്ധ്യാ പകനുമായ ശ്രീ. സി.ടി. കുര്യൻ ഒരു ഇന്റർവ്യൂവിൽ പറഞ്ഞിരുന്നു. റഗുലർ കോഴ്സിനെത്തുന്ന വിദ്യാർത്ഥികളെ ക്യാമ്പസിൽ നിന്നൊഴിവാക്കി സ്വാശ്രയ കോഴ്സുകൾക്കുള്ള ക്രമീകരണം ഒരുക്കുന്നതിനുവേണ്ടിയാണിത്. ആദായക രമായ കോഴ്സുകൾ സുഗമമായി നടത്തുന്ന ഒന്നായി നമ്മുടെ ഗവൺമെന്റ് എയ്ഡഡ് കോളേജുകൾ മാറും. ഇവിടെ ഓട്ടോണമി വിഭാവനം ചെയ്തിരി ക്കുന്ന ഗവേണിംഗ് ബോർഡിയിൽ 12 പ്രതിനിധികളാണുള്ളത്. അതിൽ 9 പേരും മാനേജ്മെന്റിന്റെ പ്രതിനിധികളാണ്. അക്കാദമിക് സമിതിയിൽ നാല് വിദഗ്ദ്ധൻമാരെ കോളേജിന് പുറത്തുനിന്ന് നോമിനേറ്റ് ചെയ്യാം. നോമിനേറ്റ് ചെയ്യാനുള്ള അവകാശം മാനേജ്മെന്റിനാണ്. അതിനർത്ഥം. ഭരണപരമായ കാര്യങ്ങളിൽ മാത്രമല്ല അക്കാദമിക് കാര്യങ്ങളിലും മാനേജ്മെന്റ് ദു:സ്വാ ധീനം ചെലുത്തുമെന്നാണ് 20–01–2014–ന് അങ്ങ് നൽകിയ മറുപടിയിൽ ആട്ടോണമി കൊടുക്കുന്ന കോളേജുകൾക്കുള്ള മാനദണ്ഡങ്ങളിൽ എട്ടാമ തായി പറയുന്നത് ‘ദുർബല വിഭാഗങ്ങൾക്ക് അവകാശ തുല്യതയും വിവേച നത്തിനെതിരെ ശക്തമായ നടപടികളും സ്വീകരിക്കുന്ന കോളേജുകൾക്കായി രിക്കും സ്വയംഭരണമെന്നാണ്’ ഈ പറയുന്ന 11 എയ്ഡഡ് കോളേജുകളിൽ ഒന്ന് എറണാകുളം സെന്റ് തെരേസാസ് കോളേജാണ്. ആ കോളേജിലാണ് വർഷങ്ങൾക്കുമുമ്പ് എസ്.സി./എസ്.ടി വിദ്യാർത്ഥികളെ ഹോസ്റ്റലിൽ പ്രത്യേക മുറിയിൽ താമസിപ്പിച്ചത്. അവർക്കെതിരെ കാസ്റ്റ് ഡിസ്ക്രിമിനേ

ഷന്റെ പേരിൽ കേസുണ്ടായിരുന്നു. അതുപോലെ രാജഗിരി കോളേജിൽ എയ്ഡഡ് എം.ബി.എ കൊടുത്തിട്ട് അൺഎയ്ഡഡ് എം.ബി.എ ആക്കിയ ദുരനുഭവം നമ്മുടെ മുന്നിലുണ്ട്. ആട്ടോണമിയെ സംബന്ധിച്ച് പഠിച്ച നാഷണൽ ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് എഡ്യൂക്കേഷണൽ പ്ലാനിംഗ് ആന്റ് അഡ്മിനിസ്ട്രേഷൻ റിപ്പോർട്ടിൽ പറയുന്നത് ആട്ടോണമിയെ സംബന്ധിച്ച് ആശങ്കയുണ്ടെന്നും മാനേജ്മെന്റിന് ലഭിക്കുന്ന അനിയന്ത്രിതമായ സ്വാതന്ത്ര്യം പ്രശ്നമായി മാറുമെന്നും ഇത് സമ്പൂർണ്ണമായ സ്വകാര്യവൽക്കരണത്തിന് ഇടയാക്കുമെന്നുമാണ്. സെൻട്രൽ അഡ്വൈസറി ബോർഡ് ഓഫ് എഡ്യൂക്കേഷൻ 2005-ൽ നടത്തിയ പഠനത്തിലും ആട്ടോണമിയിൽ ആശങ്കകളുണ്ടെന്നാണ് പറയുന്നത്. ആട്ടോണമിയുമായി ബന്ധപ്പെട്ട് 13-09-2013-ൽ ഇറക്കിയ ഉത്തരവിലെ മൂന്നാമത്തെ നിർദ്ദേശം All additional financial liability arising aided college that will be granted autonomy will be owned by the aided college themselves എന്നാണ്. അതിന്റെ അർത്ഥം കേരളത്തിലെ എയ്ഡഡ് കോളേജുകൾ സ്വാശ്രയ കോളേജുകളായി മാറുമെന്നാണ്. അതുപോലെ യു.ജി.സി യുടെ നോംസ് പ്രകാരം സർവ്വകലാശാലകളാണ് ആട്ടോണമിക്ക് ശുപാർശ ചെയ്യേണ്ടത്. ഉദ്യോഗസ്ഥൻമാരുടെ കമ്മിറ്റിയാണ് ഇവിടെ ശുപാർശ ചെയ്തിരിക്കുന്നത്. ഇത് യു.ജി.സി യുടെ റൂളിന്റെ വയലേഷനാണ്. സർവ്വകലാശാലകളുടെ അമിതമായ ജോലിഭാരവും പരീക്ഷാനടത്തിപ്പിലെ കാലതാമസവും മറ്റ് പ്രശ്നങ്ങളും നേരിടാൻ കഴിഞ്ഞ ഗവൺമെന്റിന്റെ കാലത്ത് ഡോ. കെ. എൻ. പണിക്കർ ചെയർമാനായ ഉന്നത വിദ്യാഭ്യാസ കൗൺസിൽ ഒരു നിർദ്ദേശം മുന്നോട്ടുവച്ചിരുന്നു. അത് ക്ലസ്റ്റർ കോളേജ്

എന്ന സങ്കല്പമാണ്. എന്തുകൊണ്ടാണ് അത് പരിഗണിക്കാൻ തയ്യാറാകാത്തത്. ആട്ടോണമികൊണ്ട് ഉന്നത വിദ്യാഭ്യാസരംഗത്തെ വെല്ലുവിളികൾ പരിഹരിക്കാൻ സാധിക്കുമോ? ചെറിയ മൂലധനംകൊണ്ട് വൻലാഭം കൊയ്യാൻ കഴിയുന്ന ഒരു ബിസിനസായി നമ്മുടെ വിദ്യാഭ്യാസം മാറിയ സാഹചര്യത്തിൽ ന്യൂനപക്ഷ പദവി നഗ്നമായി ദുർവിനിയോഗം ചെയ്യുന്ന ഒട്ടേറെ തിക്താനുഭവങ്ങളുള്ള കേരളത്തിൽ ഇത് വിനാശകരമായ ഫലങ്ങൾ ഉളവാക്കും. ഇത് വർഗ്ഗീയവൽക്കരണത്തിലേയ്ക്ക് നയിക്കുകയും നവോത്ഥാനത്തിന്റെ പ്രോജ്ജ്വലമായ തുടർച്ചയ്ക്ക് ഗുരുതരമായ പ്രതിസന്ധികൾ സൃഷ്ടിക്കുകയും ചെയ്യും. സാംസ്കാരിക രംഗത്തും ദൂരവ്യാപകമായ പ്രത്യാഘാതങ്ങൾ സൃഷ്ടിക്കും. അതുകൊണ്ട് ഈ കാര്യത്തിൽ ഒരു ധൃതിപിടിച്ച തീരുമാനമെടുക്കാതെ ഗവൺമെന്റ് അദ്ധ്യാപകരുടെയും വിദ്യാർത്ഥികളുടെയും ആശങ്കകൾ ദൂരീകരിച്ച് മാത്രമേ മുന്നോട്ടുപോകാൻ കഴിയുകയുള്ളൂ. ഇപ്പോൾ ഗവൺമെന്റ് നൽകിയ ശുപാർശ പിൻവലിക്കണമെന്ന് ആവശ്യപ്പെടുകയാണ്.

വിദ്യാഭ്യാസ വകുപ്പുമന്ത്രി (ശ്രീ. പി. കെ. അബ്ദു റബ്ബ്): സർ, ബഹുമാനപ്പെട്ട മെമ്പർ കാര്യങ്ങൾ പൂർണ്ണമായി മനസിലാക്കാതെയോ തെറ്റിദ്ധാരണയുടെയോ അടിസ്ഥാനത്തിലാണ് ഇങ്ങനെയൊക്കെ പറയുന്നത്. അല്ലെങ്കിൽ അദ്ദേഹത്തിന്റെ പ്രസംഗം മറ്റുള്ളവരെ തെറ്റിദ്ധരിപ്പിക്കാൻവേണ്ടിയായിരിക്കും എന്നാണ് എനിക്ക് തോന്നുന്നത്. ഗവൺമെന്റ് വളരെ സൂക്ഷ്മമായിത്തന്നെയാണ് ഇതുമായി ബന്ധപ്പെട്ട കാര്യങ്ങൾ ചെയ്തിട്ടുള്ളത്. 2013–14–ലെ ബഡ്ജറ്റ് പ്രസംഗത്തിൽ ബഹുമാനപ്പെട്ട ധനകാര്യ വകുപ്പുമന്ത്രി സംസ്ഥാ

നത്തെ ഉന്നത നിലവാരം പുലർത്തുന്ന ആർട്സ് ആന്റ് സയൻസ് കോളേജുകൾക്കും എഞ്ചിനീയറിംഗ് കോളേജുകൾക്കും യു.ജി.സി.യിൽനിന്നും സ്വയംഭരണം പദവി നേടുന്നതിന് പ്രോത്സാഹനം നൽകുന്നതാണെന്ന് പ്രസ്താവിച്ചിരുന്നു. ഈ ലക്ഷ്യം സാധ്യമാക്കുന്നതിനായി പ്രസ്തുത സ്ഥാപനങ്ങളുടെ അടിസ്ഥാന സൗകര്യ വികസനത്തിനായി 15 കോടി രൂപ വകയിരുത്തുകയും ചെയ്തു. ഉന്നതവിദ്യാഭ്യാസ മേഖലയിൽ നവീനവും പരീക്ഷണാത്മകവുമായ പുതിയ തന്ത്രങ്ങൾ ആവിഷ്കരിക്കുന്നതിന്റെ ഭാഗമായി സ്വയംഭരണ കോളേജുകൾക്കായി പുതിയ മാർഗ്ഗനിർദ്ദേശങ്ങൾക്ക് 2007–ൽ യു.ജി.സി രൂപം നൽകിയിരുന്നു. അതിൻപ്രകാരം 11–ാം പദ്ധതി കാലയളവിൽ തങ്ങളുടെ കീഴിലുള്ള പത്ത് ശതമാനം കോളേജുകൾക്കെങ്കിലും സ്വയംഭരണം നൽകുന്നതിനായി യു.ജി.സി. സംസ്ഥാനങ്ങൾക്കും സർവകലാശാലകൾക്കും പ്രോത്സാഹനം നൽകിയിട്ടുള്ളതാണ്. അതിന്റെ ഫലമായി 19 സംസ്ഥാനങ്ങളിലെ 79 സർവ്വകലാശാലകൾക്കുകീഴിലായി 441 കോളേജുകൾ സ്വയംഭരണ പദവി നേടി മികച്ച അദ്ധ്യാപന പ്രവർത്തനങ്ങളുമായി നിലനിൽക്കുന്നു. ഈ സാഹചര്യത്തിലാണ് ബാംഗ്ലൂർ നാഷണൽ ലോ സ്കൂൾ സ്ഥാപക ഡയറക്ടറും പ്രമുഖ നിയമ വിദ്യാഭ്യാസ വിദഗ്ദ്ധനുമായ പ്രൊഫസർ എൻ.ആർ. മാധവമേനോൻ അധ്യക്ഷനായ സമിതിയെ സംസ്ഥാനത്തെ ഉന്നതനിലവാരം പുലർത്തുന്ന കോളേജുകൾക്ക് സ്വയംഭരണാവകാശം നൽകുന്നത് സംബന്ധിച്ച് പഠനം നടത്തി റിപ്പോർട്ട് സമർപ്പിക്കുന്നതിനായി സംസ്ഥാന ഉന്നത വിദ്യാഭ്യാസ കൗൺസിൽ നിയോഗിച്ചത്. പ്രസ്തുത സമിതിയുടെ ശുപാർശകൾ സർക്കാർ അംഗീകരിക്കുകയും ആയതിന്റെ അടിസ്ഥാ

നത്തിൽ 2014–15 അധ്യയന വർഷം മുതൽ അർഹമായ കോളേജുകൾക്ക് സ്വയംഭണാവകാശം നൽകാൻ സർക്കാർ ഉദ്ദേശിക്കുകയും ചെയ്യുന്നു. സ്വയം ഭരണാവകാശം എന്നതുകൊണ്ടുദ്ദേശിക്കുന്നത് കോളേജുകളുടെ അക്കാദമിക് സ്വയംഭരണാവകാശം മാത്രമാണ്. സർക്കാരിന്റെ ഇടപെടലില്ലാതെ നിശ്ചിത മാനദണ്ഡങ്ങൾപ്രകാരം മികച്ച നിലവാരമുള്ള കോളേജുകൾക്ക് അക്കാദ മിക് സ്വയംഭരണാവകാശം അനുവദിച്ച് പ്രവർത്തന സ്വാതന്ത്ര്യം നൽകാനാ ണുദ്ദേശിക്കുന്നത്. സ്വയംഭരണ പദവി ലഭിക്കുന്ന കോളേജുകൾക്ക് സർവക ലാശാലകളുടെയും സർക്കാരിന്റെയും അനുമതിയോടുകൂടി പുതിയ കോഴ്സുകൾ തുടങ്ങാനും സിലബസ് രൂപവൽക്കരിക്കാനും പരിഷ്കരി ക്കാനും അധികാരമുണ്ടായിരിക്കും. ഇതിലൂടെ പ്രാദേശികാവശ്യങ്ങൾക്കനു സരിച്ച് കാലാനുസൃതമായി നവീനമായ കോഴ്സുകൾ രൂപപ്പെടുത്തുന്നതിന് കോളേജുകൾക്ക് കഴിയും. കൂടാതെ 13–09–2013-ലെ സർക്കാർ ഉത്തരവ് എം.എസ് 618/2013 ഉ.വി.വ. ഉത്തരവ് പ്രകാരം സ്വയംഭരണാവകാശം ലഭിക്കുന്നതിനായി കോളേജുകളിൽനിന്നും അപേക്ഷകൾ ലഭിക്കുന്നതിനും സ്വയംഭരണാവകാശം സംബന്ധിച്ച് ഒരു പ്രത്യേക അധ്യായം വിവിധ സർവ്വക ലാശാലകളിലെ നിയമങ്ങളിൽ ഉൾപ്പെടുത്തുന്നതിനുമായി രൂപരേഖ തയ്യാറാ ക്കുന്നതിന് നിയമവകുപ്പ് സെക്രട്ടറി, ഉന്നതവിദ്യാഭ്യാസ വകുപ്പ് അഡീഷ ണൽ ചീഫ് സെക്രട്ടറി എന്നിവരുൾപ്പെട്ട രണ്ടംഗ സമിതിയും രൂപീകരിച്ച് ഉത്തരവായിരുന്നു. സ്വയംഭരണ കോളേജുകളെ സംബന്ധിച്ച് പുതിയ അധ്യായം കേരള, എം.ജി, കാലിക്കട്ട്, കണ്ണൂർ എന്നീ സർവ്വകലാശാലകളുടെ ആക്ടിൽ ഉൾപ്പെടുത്തി സർക്കാർ 56/2013 ആയി ഓർഡിനൻസ് പുറപ്പെടു വിച്ചിട്ടുണ്ട്. സ്വയംഭരണ പദവി ലഭിക്കുന്നതിനായി രണ്ട് സർക്കാർ കോളേജു

കളും 30 എയ്ഡഡ് കോളേജുകളും അപേക്ഷ സമർപ്പിച്ചിരുന്നു. അവയിൽനിന്ന് മാനദണ്ഡപ്രകാരം തെഞ്ഞെടുക്കപ്പെട്ട 13 ആർട്സ് ആന്റ് സയൻസ് കോളേജുകൾക്ക് സ്വയംഭരണാവകാശം നൽകുന്നതിനായി യു.ജി.സി.യോട് ശുപാർശ ചെയ്യാൻ തീരുമാനിച്ചിട്ടുണ്ട്. യു.ജി.സി.യോട് ശുപാർശ ചെയ്യുകയാണ്, നേരിട്ട് ഗവൺമെന്റ് കൊടുക്കുകയല്ല. സ്വയം ഭരണാവകാശം നൽകുന്നതിനായി യു.ജി.സി യോട് ശുപാർശ ചെയ്യാൻ തീരുമാനിച്ച കോളേജുകൾ, സർക്കാർ കോളേജ് – യൂണിവേഴ്സിറ്റി കോളേജ്, തിരുവനന്തപുരം, മഹാരാജാസ് കോളേജ്, എറണാകുളം. എയ്ഡഡ് കോളേജുകൾ– മാർ ഇവാനിയോസ് കോളേജ്, തിരുവനന്തപുരം, ഫാത്തിമ മാതാ നാഷണൽ കോളേജ്, കൊല്ലം, സെന്റ് ബെർക്മാൻസ് കോളേജ്, ചങ്ങനാശ്ശേരി, സെന്റ് തെരേസാസ് കോളേജ്, എറണാകുളം, സേക്രട്ട് ഹാർട്ട് കോളേജ്, തേവര, എറണാകുളം, രാജഗിരി കോളേജ് ഓഫ് സോഷ്യൽ സയൻസ്, എറണാകുളം, ക്രൈസ്റ്റ് കോളേജ്, ഇരിങ്ങാലക്കുട, സെന്റ് തോമസ് കോളേജ്, തൃശ്ശൂർ, എം.ഇ.എസ് കോളേജ്, മമ്പാട്, ഫാറൂഖ് കോളേജ്, കോഴിക്കോട്, സെന്റ്ജോസഫ്സ് കോളേജ്, ദേവഗിരി എന്നിവയാണ് സ്വയംഭരണ കോളേജുകളിലെ നിർദ്ദിഷ്ട ഗവേണിംഗ് കൗൺസിൽ സമർപ്പിക്കുന്ന കോഴ്സുകൾ സംബന്ധിച്ച ശുപാർശകളിന്മേൽ അന്തിമ തീരുമാനമെടുക്കുന്നത് സർവ്വകലാശാലകളാണ്. സ്വയംഭരണ കോളേജുകളിൽ ആരംഭിക്കാനുദ്ദേശിക്കുന്ന കോഴ്സുമായി ബന്ധപ്പെട്ട നിർദ്ദേശങ്ങൾ വൈസ് ചാൻസലർ സർവ്വകലാശാലയുടെ ബോർഡ് ഓഫ് സ്റ്റഡീസിന്റെയോ അല്ലെങ്കിൽ ഇതിനുവേണ്ടി രൂപീകരിച്ച വിദഗ്ദ്ധ സമിതിയുടെയോ പരിഗണനയ്ക്കായി നൽകുന്നതിന് വ്യവസ്ഥ ചെയ്തിട്ടുണ്ട്. സർവ്വകലാശാല

നിഷ്കർഷിച്ചിട്ടുള്ള വ്യവസ്ഥകൾ പാലിക്കുന്നില്ലെങ്കിൽ പ്രസ്തുത നിർദ്ദേശങ്ങൾ നിരസിക്കുന്നതിനും അധികാരം നൽകിയിട്ടുണ്ട്. ആയതിനാൽ കോളേജ് മാനേജ്മെന്റിന്റെ താല്പര്യപ്രകാരമുള്ള പാഠ്യപദ്ധതി, നിക്ഷിപ്ത താല്പര്യങ്ങൾ സിലബസിലുൾപ്പെടുത്തുന്നതിനുള്ള നീക്കം എന്നിവ നിയന്ത്രിക്കുന്നതിന് കഴിയും. യു.ജി.സി അനുവദിക്കുന്ന സ്വയംഭരണ പദവി കോളേജുകൾ ദുരുപയോഗം ചെയ്യുന്നത് തടയുന്നതിനായി സർവ്വകലാശാല സിൻഡിക്കേറ്റിനോ അല്ലെങ്കിൽ സിൻഡിക്കേറ്റ് രൂപീകരിക്കുന്ന വിദഗ്ദ്ധ സമിതിക്കോ കോളേജുകളിൽ പരിശോധന നടത്തുന്നതിനും രേഖകൾ പരിശോധിക്കുന്നതിനും അധികാരം നൽകിയിട്ടുണ്ട്. പരീക്ഷാ നടത്തിപ്പിനുമാത്രമായി പ്രത്യേക പരീക്ഷാ കൺട്രോളറെ നിയമിക്കേണ്ടതും പരീക്ഷാ സംബന്ധമായ മാർഗ്ഗ നിർദ്ദേശങ്ങൾ സ്വയംഭരണ കോളേജുകൾ രൂപീകരിക്കേണ്ടതുമാണ്. ഡിഗ്രി, ഡിപ്ലോമ എന്നിവയ്ക്കുള്ള മാർക്ക് ലിസ്റ്റ് നൽകാൻ കോളേജുകൾക്ക് അധികാരമുണ്ടായിരിക്കും. എന്നാൽ സർട്ടിഫിക്കറ്റ് കോളേജുകളുടെ പേരുൾപ്പെടുത്തി നൽകുന്നത് സർവ്വകലാശാലകളാണ്. സ്വയംഭരണ കോളേജിലെ കോഴ്സുകൾ, പാഠ്യപദ്ധതി, സിലബസ് എന്നിവ സംബന്ധിച്ച് ബോർഡ് ഓഫ് സ്റ്റഡീസ് സമർപ്പിക്കുന്ന നിർദ്ദേശങ്ങൾ അക്കാദമിക് കൗൺസിൽ പരിഗണിച്ചശേഷം ആവശ്യമായ ശുപാർശ സഹിതം ഗവേണിംഗ് കൗൺസിലിന് സമർപ്പിക്കേണ്ടതാണ്. തുടർന്ന് ഓരോ വിഷയത്തിനുമുള്ള പരീക്ഷാനടത്തിപ്പ്, ഫലപ്രഖ്യാപനം, ഡിഗ്രി, ഡിപ്ലോമ സർട്ടിഫിക്കറ്റുകളുടെ വിതരണത്തിനായി ബന്ധപെപ്പട്ട സർവ്വകലാശാലയോട് ശുപാർശ ചെയ്യുക, മാർക്ക് ലിസ്റ്റ് നൽകുക എന്നിവയാണ് ഗവേണിംഗ് കൗൺസിലിന്റെ പ്രധാന അധികാരങ്ങൾ. സ്വയംഭരണ കോളേജുകളിൽ ആരംഭിക്കുന്ന

കോഴ്സുകളിലെ ഫീസ് സർക്കാരിന്റെയും സർവ്വകലാശാലയുടെയും അനുമതിയോടുകൂടി മാത്രമായിരിക്കും നിശ്ചയിക്കുക.

സർക്കാരിന്റെ നിലവിലുള്ള സംവരണ നയം പാലിച്ചുതന്നെയായിരിക്കും സ്വയംഭരണ കോളേജുകളിൽ വിദ്യാർത്ഥികളുടെ പ്രവേശനം നടത്തുന്നത്. സ്വയംഭരണാവകാശം നേടുന്ന എയ്ഡഡ് കോളേജുകൾ ഇതുസംബന്ധിച്ച് സർക്കാരുമായി കരാറിലേർപ്പെടണമെന്ന് പ്രത്യേകമായി വ്യവസ്ഥ ചെയ്തിട്ടുണ്ട്. ആയതിനാൽ നിർദ്ധനരും ദുർബ്ബല വിഭാഗത്തിൽപ്പെട്ടതുമായ വിദ്യാർത്ഥികളുടെ പഠനത്തെ ഇത് പ്രതികൂലമായി ബാധിക്കുകയില്ല. സ്വയംഭരണ കോളേജുകളിൽ നിലവിൽ ജോലിചെയ്യുന്ന അദ്ധ്യാപകരുടെ സേവനവേതന വ്യവസ്ഥകൾ സർക്കാരുമായി എയ്ഡഡ് കോളേജ് മാനേജുമെന്റുകൾ ഏർപ്പെട്ടിട്ടുള്ള കരാറിനനുസൃതമായി തുടരുന്നതായിരിക്കും. എന്നാൽ സ്വയംഭരണാവകാശം അനുവദിക്കുന്നതിന്റെ ഭാഗമായി പുതിയതായി വരുന്ന സാമ്പത്തിക ബാദ്ധ്യത കോളേജ് മാനേജ്മെന്റുകൾത്തന്നെ വഹിക്കേണ്ടതാണ്. ഇക്കാര്യങ്ങളെല്ലാം അംഗീകരിച്ചുകൊണ്ട് കോളേജ് മാനേജുമെന്റുകൾ സർക്കാരുമായി പുതിയതായി കരാറിലേർപ്പേടേണ്ടതിനും വ്യവസ്ഥ ചെയ്തിട്ടുണ്ട്. ചുരുക്കത്തിൽ കേരളത്തിൽ തെരെഞ്ഞെടുക്കപ്പെട്ട 13 കോളേജുകൾക്ക് സ്വയംഭരണ പദവി നൽകുന്നതു സംബന്ധിച്ച് സഭയിൽ പ്രകടിപ്പിച്ച ആശങ്കകൾക്ക് യാതൊരു അടിസ്ഥാനവുമില്ലെന്നും ഏതെങ്കിലും കോളേജുകൾക്ക് സർക്കാരിന് നിയന്ത്രിക്കാൻ കഴിയാത്ത സമ്പൂർണ്ണ സ്വതന്ത്രാധികാരം അനുവദിച്ചുകൊടുക്കുവാൻ സർക്കാർ ഉദ്ദേശിക്കുന്നില്ലെന്നുമറിയിക്കാൻ ഞാൻ അഗ്രഹിക്കുന്നു. മികവുറ്റ അദ്ധ്യാപന കേന്ദ്രങ്ങൾക്കേ മികവുറ്റ വിദ്യാസമ്പന്നമായ ഒരു സമൂഹത്തെ വാർത്തെടുക്കാൻ

കഴിയുമെന്നുള്ള കാര്യവും ഇൻഡ്യയിലെ 19 സംസ്ഥാനങ്ങളിലെ 79 സർവ്വകലാശാലകൾക്കു കീഴിലെ 441 കോളേജുകൾ സ്വയംഭരണ പദവിനേടി വിദഗ്ധ അക്കാദമി പ്രവർത്തനങ്ങളുമായി മുന്നിട്ടുനിൽക്കുന്ന കാര്യവും ഇത്തരുണത്തിൽ പ്രത്യേകം ശ്രദ്ധിക്കേണ്ടതാണ്. അതുകൊണ്ട് ബഹുമാനപ്പെട്ട മെമ്പർ ഉന്നയിച്ച ആക്ഷേപങ്ങൾക്കും ആശങ്കകൾക്കും യാതൊരു അടിസ്ഥാനവുമില്ല എന്ന് ഞാൻ അറിയിക്കുന്നു.

ശ്രീ. റ്റി. വി. രാജേഷ്: സർ, ഇവിടെ എൻ.എസ്.എസ് കേരളത്തിലെ പ്രധാനപ്പെട്ട ഒരു കോർപ്പറേറ്റ് മാനേജുമെന്റാണ്. എൻ.എസ്.എസ്. ഇതുവരെ ആ രംഗത്ത് വന്നിട്ടില്ല. മാത്രമല്ല കേരളത്തിന്റെ സവിശേഷമായ സാഹചര്യത്തിൽ ഉണ്ടാകാനിടയുള്ള അപകടങ്ങൾ അസ്ഥാനത്തല്ല എന്നാണ് ബഹുമാനപ്പെട്ട മന്ത്രിയുടെ മറുപടിയിൽ നിന്നുതന്നെ വ്യക്തമാകുന്നത്. ഇൻഡ്യയിലാകെ 34,000 കോളേജുകളുണ്ട്. അതിൽത്തന്നെ കർണ്ണാടകയിലും തമിഴ്നാട്ടിലുമാണ് കൂടുതൽ കോളേജുകളുള്ളത്. ഉത്തരേന്ത്യയിലെ പല സംസ്ഥാനങ്ങളിലും സ്വയംഭരണാവകാശമുള്ള ഒരു കോളേജുപോലുമില്ല. ഈയൊരു സാഹചര്യത്തിൽ ഉയർന്നുവന്ന ആശങ്കയുടെ അടിസ്ഥാനത്തിൽ അദ്ധ്യാപകർ, വിദ്യാർത്ഥി സംഘടനാ പ്രതിനിധികൾ തുടങ്ങിയവരുമായി ഒരു ചർച്ച നടത്താൻ ബഹുമാനപ്പെട്ട മന്ത്രി മുൻകൈയെടുക്കുമോ?

ശ്രീ. പി. കെ. അബ്ദു റബ്ബ്: സർ, ഞാൻ പറഞ്ഞല്ലോ, ഇനി കൂടുതലായ ഒരു ചർച്ചയുടെ ആവശ്യം ഇതിലില്ല. ഇല്ലായെന്ന് പറയുന്നതും ഉണ്ട് എന്നുപറയുന്നതും പോസിറ്റീവായിട്ടും നെഗറ്റീവായിട്ടും കാര്യങ്ങളെടുക്കാം. ഇൻഡ്യാ രാജ്യത്ത് ആയിരകണക്കിന് കോളേജുകളുണ്ട്, അവിടെയൊന്നുമില്ല, അതുകൊണ്ട് പാടില്ലായെന്നുപറയുന്നതിൽ അർത്ഥമില്ല. നമ്മൾ മറ്റ്

സംസ്ഥാനങ്ങളിലൊക്കെയുള്ള ഒരു പുതിയ സിസ്റ്റത്തിലേയ്ക്ക് പോകുകയാണ്. ആ സിസ്റ്റം പരാജയപ്പെടുകയാണെങ്കിൽ അപ്പോൾ ആലോചിക്കാം. അല്ലാതെ പുതിയതായി ഒരു കാര്യവും സംസ്ഥാനത്ത് കൊണ്ടുവരാൻ പാടില്ലെന്നു പറയുന്നതിൽ യാതൊരു അർത്ഥവുമില്ല.

(സബ്മിഷൻ)